ഉത്തരം

(എ) ട്രൈബ്യൂണൽ വിധിയുടെ അടിസ്ഥാനത്തിൽ ചില ലൈബ്രറികളുടെ തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. ടി ലൈബ്രറികളുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇവ ഒഴിച്ചു നിർത്തിയാൽ തെരഞ്ഞെടുപ്പ് നടപടികൾ 1999 ഓഗസ്റ്റ് 16-ാം തീയതി പൂർത്തിയായി.

(ബി)&(സി) ഗ്രന്ഥശാലാ ഇലക്ഷൻ സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിന് തീർപ്പു കല്പിക്കുന്നതിനായും താലൂക്ക് ട്രൈബ്യൂണലിനേയും സ്റ്റേറ്റ് ട്രൈബ്യൂണലിനേയും സർക്കാർ നിയമിച്ചിരുന്നു. ടി ട്രൈബ്യൂണലുകൾക്ക് ലഭിച്ച എല്ലാ പരാതികളും തീർപ്പാക്കിയിട്ടുണ്ട്. മാവേലിക്കര താലൂക്ക് ലൈബ്രറി കൗൺസിൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച പരാതി ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഡി) 1999 ആഗസ്റ്റ് 16-നാണ് സംസ്ഥാന കമ്മിറ്റി ഇലക്ഷൻ നടന്നത്. കേരള പബ്ലിക് ലൈബ്രറിക്ക് (കേരള ഗ്രന്ഥശാലാ സംഘം) നിയമപ്രകാരം കൗൺസിൽ രൂപീകരണത്തിന് ഗസറ്റ് വിജ്ഞാപനം ആവശ്യമാണ്. 1999 നവംബർ 24-ാം തീയതിയാണ് കൗൺസിൽ രൂപീകരിച്ചുകൊണ്ടുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചത്. പുതിയ കമ്മിറ്റി 22.12.99-ന് ചാർജെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

179 (1401) ഗ്രന്ഥശാലാ സംഘത്തിലെ ജീവനക്കാർ

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കേരള ഗ്രന്ഥശാലാ സംഘത്തിന്റെ കീഴിൽ മൊത്തം എത്ര ജീവനക്കാർ ഉണ്ട്;

(ബി) ഇതിൽ ഇതര വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ വന്നവർ ആരെല്ലാം;

(സി) ഇവരിൽ ഭരണസമിതി കാലാകാലങ്ങളിൽ നേരിട്ട് നിയമിച്ചവർ ആരെല്ലാം; പി.എസ്.സി. വഴി നിയമനം ലഭിച്ചവർ എത്ര; നിലവിലുള്ള ജീവനക്കാരുടെ നിയമനം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 148 ജീവനക്കാർ.

(ബി) അക്കൗണ്ടന്റ് ഓഫീസറായി നിയമിച്ചിട്ടുള്ള ധനകാര്യവകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. എ. ഹമീദ് കുഞ്ഞ് മാത്രം.

(സി) ഒന്നാം സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ 24 എൽ.ഡി. ക്ലാർക്കുമാരേയും, ഒരു എൽ.ഡി. ടൈപ്പിസ്റ്റിനേയും രണ്ട് ശിപായിമാരേയും ഒരു ഡ്രൈവറേയും നിയമിച്ചിട്ടുണ്ട്. കൂടാതെ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിനുള്ള 28.9.98 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരാളെ എൽ.ഡി. ക്ലാർക്കായും സമാശ്വാസ തൊഴിൽദാനപദ്ധതിപ്രകാരം ഒരാളെ പ്യൂണായും നിയമിച്ചു. പബ്ലിക് സർവീസ് കമ്മിഷൻ മുഖേന അല്ല ലൈബ്രറി കൗൺസിലിലെ നിയമനങ്ങൾ നടത്തുന്നത്. എന്നാൽ പബ്ലിക് സർവീസ് ചട്ടം അനുസരിച്ച് രൂപീകരിച്ച സ്റ്റാഫ് സെലക്ഷൻ കമ്മിറ്റിയാണ് നിയമനങ്ങൾ നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly